ഇതിനുപുറമെ DES ഉപയോഗിക്കുന്ന രോഗികളിൽ Adverse Cardiac events-ന്റെ റേറ്റ് കൂടുതലാണെന്ന് ചില സമീപകാല പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്. അതിനാൽ മെറ്റൽ സ്റ്റെന്റിനു പകരം എല്ലാ കേസുകളിലും DE സ്റ്റെന്റ് തന്നെ ഉപയോഗപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുവാൻ നിർവ്വാഹമില്ല. കാരുണ്യ ബെനവലന്റ് ഫണ്ട് സംസ്ഥാനതല കമ്മിറ്റി അംഗീകരിച്ചിട്ടുള്ള ചികിത്സാ പട്ടികയിലുൾപ്പെട്ട സർക്കാരിതര ആശുപത്രികളിൽ CABG -യോടൊപ്പം IABP കൂടി നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. കാരുണ്യബെനവലന്റ് ഫണ്ട് അക്രഡിറ്റേഷൻ വേണ്ടി സർക്കാരിതര ആശുപത്രികളുമായി ബന്ധപ്പെട്ട് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ അഡ്മിനിസ്ട്രേറ്ററും, അക്രഡിറ്റഡ് ആശുപത്രികളുടെ മാനേജ്മെന്റും തമ്മിലുള്ള Memorandum of Understanding (MoU) അനുസരിച്ചാണ് തുക അനുവദിക്കുന്നത്. അതിൻപ്രകാരമാണ് സർക്കാരിതര ആശുപത്രികൾക്ക് 65,000 രൂപ അനുവദിച്ചുവരുന്നത്.

സർക്കാരിതര ആശുപത്രികളിൽ അടിയന്തിര ചികിത്സയ്ക്ക് നിലവിൽ വ്യവസ്ഥയില്ല. അടിയന്തിര ചികിത്സാ സംവിധാനം സർക്കാരിതര ആശുപത്രികൾ ദുരുപയോഗപ്പെടുത്താൻ സാധ്യതയുണ്ടെന്ന് മുന്നിൽ കണ്ടുകൊണ്ടാണ് ഇത് ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ അടിയന്തിര ചികിത്സ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ഏറ്റവും അടുത്തുള്ള വിദഗ്ധ സൗകര്യങ്ങളുള്ള സർക്കാർ ആശുപത്രികളിലേക്ക് രോഗികളെ റഫർ ചെയ്യണമെന്നാണ് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ നിലവിലുള്ള വ്യവസ്ഥ. ഇതിൻപ്രകാരം നിർദ്ധനരായ ഭൂരിഭാഗം രോഗികൾക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ കഴിയും.

(15) പാലം പുനർനിർമ്മാണം

<u>ശ്രീ. വി. ശശി</u>: സർ, എന്റെ നിയോജകമണ്ഡലത്തിൽ കഠിനംകുളം ഗ്രാമപഞ്ചായത്തിലെ പടിഞ്ഞാറ്റുമുക്ക് പുത്തൻതോപ്പ് പാലം തകർന്നിട്ട് ഇന്ന് ഒരു വർഷം തികയുകയാണ്. അതുവഴിയുള്ള ഗതാഗതം നിർത്തിവച്ചിരിക്കുകയാണ്. പൊതുജനങ്ങളും വിദ്യാർത്ഥികളുമനുഭവിക്കുന്ന യാത്രാക്ലേശത്തിന് അടിയന്തര പരിഹാരമാവശ്യപ്പെട്ടുകൊണ്ട് മൂന്നാമത്തെ സബ്മിഷനാണ് ഞാൻ ഈ സഭയിൽ അവതരിപ്പിക്കുന്നത്. നിലവിലുള്ള പാലം പൊളിച്ചുമാറ്റി പുതിയ പാലം നിർമ്മിക്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ഞാൻ ഈ ആവശ്യമുന്നയിച്ച് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയെ കണ്ടിരുന്നു. അദ്ദേഹം സ്നേഹപൂർവ്വം "ആദ്യമായി എം.എൽ.എ. ഉന്നയിക്കുന്ന ഒരു ആവശ്യമാണ്, പരിഗണിച്ചിരിക്കും" എന്ന് എനിക്ക് വാക്ക് തരികയുണ്ടായി. അങ്ങ് നിർദ്ദേശിച്ച പ്രകാരം ഞാൻ ആ ഫയൽ ധനകാര്യ വകുപ്പിലെ പ്രൈവറ്റ് സെക്രട്ടറിയെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഏൽപ്പിക്കുകയുമുണ്ടായി. വളരെ പ്രതീക്ഷയോടുകൂടിയാണ് ഞാൻ അങ്ങയുടെ ഓഫീസ് വിട്ടിറങ്ങിയത്. ഇന്ന് ആ പ്രദേശത്തെ നാട്ടുകാരും വിദ്യാർത്ഥികളും സെക്രട്ടേറിയറ്റിനു മുന്നിൽ ധർണ്ണനടത്തുകയാണ്. പുത്തൻതോപ്പ് ആശുപത്രിയിലേയ്ക്ക് രോഗികളെ കൊണ്ടുപോകുന്നതിനും അതിന് പരിസരത്തുള്ള കോളേജിലും സ്കൂളിലും വിദ്യാർത്ഥികൾക്ക് എത്തുന്നതിനുമൊക്ക വളരെ ബുദ്ധിമുട്ടനുഭവപ്പെടുകയാണ്. അടുത്ത ബഡ്ജറ്റിൽ എന്നുപറയാതെ ദയവായി ഈ വർഷം തന്നെ അതിന് ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): സർ, കഠിനംകുളം ഗ്രാമപഞ്ചായത്തിലെ പുത്തൻതോപ്പ് പാലത്തിന്റെ പുനർ നിർമ്മാണത്തിനായി 787 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഫയൽ ധനവകുപ്പിന് ലഭിച്ചിരുന്നു. ഈ സാമ്പത്തിക വർഷം ധനവകുപ്പ് കേരളത്തിലെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും മാത്രമായി 287.20 കോടിയോളം രൂപയ്ക്കുള്ള പ്രത്യേകാനുമതി ഇതിനോടകം നൽകിക്കഴിഞ്ഞതിനാൽ ഈ സാമ്പത്തിക വർഷം കൂടുതൽ അധിക സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കാൻ കഴിയില്ല. അതുകൊണ്ട് കഠിനംകുളം ഗ്രാമപഞ്ചായത്തിലെ പുത്തൻതോപ്പ് പാലം പുനർനിർമ്മിക്കുന്നതിനാവശ്യമായ തുക അടുത്ത സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പിന് നീക്കിവയ്ക്കുന്ന വിഹിതത്തിൽനിന്ന് കണ്ടെത്താവുന്നതാണ്.

(16) നെൽകൃഷി പ്രോത്സാഹനം

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, വയനാട് ജില്ലയിൽ നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഏറെ ദുരിതവും നഷ്ടവുമാണ് ഈ രണ്ടാഴ്ചയായി തുടരുന്ന മഴയെ തുടർന്ന് സംഭവിച്ചത്. നെൽകൃഷി വിളവെടുപ്പ് നടത്തുന്നത് ഡിസംബർ-ജനുവരി മാസങ്ങളിലാണ്. വിളവെടുപ്പ് നടത്തുന്ന ഈ സമയങ്ങളിലുണ്ടായ മഴയെത്തുടർന്ന് വയനാട് ജില്ലയിലെ ആയിരക്കണക്കിന് കർഷകർക്ക് അവരുടെ കൃഷി വിളവെടുപ്പ് നടത്താൻ സാധിക്കാതെ കൃഷിനാശം സംഭവിച്ചിരിക്കുകയാണ്. മാത്രമല്ല വയനാട് ജില്ലയിൽ കാലവർഷക്കെടുതിയും വരൾച്ചയുമുണ്ടായ ഘട്ടത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലും ആശ്വാസവും അവിടത്തെ കർഷകർക്ക് ലഭിച്ചിട്ടുണ്ട്. നെല്ലുല്പാദനം കുറഞ്ഞുവരുന്ന ഈ സാഹചര്യത്തിൽ ആയിരക്കണക്കിന് കർഷകരുടെ നഷ്ടം പരിഹരിക്കുന്നതിനുവേണ്ടി അങ്ങ് ആവശ്യമായ നഷ്ടപരിഹാരം അനുവദിക്കണം. അതോടൊപ്പംതന്നെ പതിനായിരക്കണക്കിന് ഹെക്ടർ വയലുകളിൽ കൊയ്തിട്ട